കേന്ദ്രഗവൺമെന്റ്
നിയമ മന്ത്രാലയം

226

# കരം വസൂലാക്കൽ ആക്റ്റ്, 1890

## (1890-ലെ 1-ാം ആക്റ്റ്)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്,
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
1975

കേന്ദ്രഗവൺമെൻറ്
നിയമ മന്ത്രാലയം

# കരം വസൂലാക്കൽ ആക്റ്റ്, 1890

## (1890-ലെ 1-ാം ആക്റ്റ്)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

# കരം വസൂലാക്കൽ ആക്റ്റ്, 1890

## (1890-ലെ 1-ാം നമ്പർ ആക്റ്റ്)

### ചില പബ്ളിക്ക് ഡിമാൻഡുകൾ വസൂലാക്കുന്നതിന് കൂടുതൽ നല്ല വ്യവസ്ഥ ഉണ്ടാക്കുവാനുള്ള ആക്റ്റ്

[1890 ഫെബ്രുവരി, 14]

ചില പബ്ലിക്ക് ഡിമാൻഡുകൾ വസൂലാക്കുന്നതിന് കൂടുതൽ നല്ല വ്യവസ്ഥ ഉണ്ടാക്കുന്നത് സമീചീനമായിരിക്കയാൽ, ഇതിനാൽ താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. പേരും വ്യാപ്തിയും.—(1) ഈ ആക്റ്റിന് കരം വസൂലാക്കൽ ആക്റ്റ്, 1890 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ജമ്മു-കാശ്മീർ സ്റ്റേററ് ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, വിഷയത്തിലോ സന്ദർഭത്തിലോ വിപരീതമായി വല്ലതും ഇല്ലാത്തപക്ഷം,—

(1) "ജില്ല"യിൽ പ്രസിഡൻസി ടൗൺ ഉൾപ്പെടുന്നതും;

(2) "കളക്ടർ" എന്നാൽ ഒരു ജില്ലയിലെ ഭൂമിക്കരത്തിന്റെ ഭരണത്തിന്റെ ചാർജ്ജുള്ള മുഖ്യ ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നതും;

(3) "വീഴ്ചക്കാരൻ" എന്നാൽ ഏതാളിൽനിന്നാണോ ഭൂമിക്കരക്കുടിശ്ശികയോ, ഭൂമിക്കരക്കുടിശ്ശികപോലെ വസൂലാക്കാവുന്ന തുകയോ കിട്ടാനുള്ളത്, ആ ആൾ എന്നർത്ഥമാകുന്നതും, അതിൽ അങ്ങനെയുള്ള ഏതെങ്കിലും കുടിശ്ശികയോ തുകയോ കൊടുക്കുവാൻ ജാമ്യക്കാരനെന്ന നിലയിൽ ഉത്തരവാദിയായ ആൾ ഉൾപ്പെടുന്നതും ആകുന്നു.

3. പബ്ലിക്ക് ഡിമാൻഡുകൾ, അവ കൊടുക്കാനുള്ളതായിത്തീരുന്ന ജില്ലകളിലല്ലാതെ മററു ജില്ലകളിൽ പ്രോസസ്സ് നടപ്പാക്കി വസൂലാക്കുന്നത്.— (1) ഭൂമിക്കരക്കുടിശ്ശികയോ, ഭൂമിക്കരക്കുടിശ്ശികപോലെ വസൂലാക്കാവുന്ന തുകയോ, കുടിശ്ശിക ഉദ്ഭൂതമാക്കുന്നതോ, തുക കൊടുക്കാനുള്ളതോ ആയ ജില്ലയല്ലാത്ത മറെറാരു ജില്ലയിൽ ഉള്ളവനോ അവിടെ വസ്തു ഉള്ളവനോ ആയ ഒരു വീഴ്ചക്കാരൻ കളക്റ്റർക്ക് കൊടുക്കാനുള്ളിടത്ത്, കളക്റ്റർക്ക് ആ മറേറ ജില്ലയിലെ കളക്റ്റർക്ക്, പട്ടികയിലുള്ള ഫാറത്തിന് ആകുന്നത്ര അടുത്തുവരുന്ന ഫാറത്തിൽ—

(ക) വീഴ്ചക്കാരന്റെ പേരും, അയാളെ തിരിച്ചറിയാൻ ആവശ്യമായ മററു വിവരങ്ങളും,

(ഖ) അയാൾ കൊടുക്കാനുള്ള തുക എത്രയെന്നും അത് ഏത് കണക്കിലാണ് കിട്ടാനുള്ളത് എന്നുമുള്ളതും,

പ്രസ്താവിച്ചുകൊണ്ടുള്ള ഒരു സർട്ടിഫിക്കററ് അയക്കാവുന്നതാണ്.

(2) സർട്ടിഫിക്കററ്, അത് കൊടുക്കുന്ന കളക്റ്ററോ, അല്ലെങ്കിൽ, ഈ കർത്തവ്യം അങ്ങനെയുള്ള കളക്റ്റർ ലിഖിതമായ ഉത്തരവുവഴി പ്രത്യായോജനം ചെയ്തുകൊടുക്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ ഒപ്പിടേണ്ടതും,

ഈ ആക്റ്റിൽ മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്യുന്ന വിധത്തിലൊഴികെ, അതിൽ പറഞ്ഞിട്ടുള്ള സംഗതികളുടെ നിശ്ചായകമായ തെളിയിക്കലായിരിക്കുന്നതുമാണ്.

(3) മറ്റെ ജില്ലയിലെ കളക്റ്റർ, ആ സർട്ടിഫിക്കറ്റ് കിട്ടുന്നതിൻമേൽ, അതിൽ പറഞ്ഞിട്ടുള്ള തുക, തന്റെ സ്വന്തം ജില്ലയിൽ ഉദ്ഭൂതമായ ഭൂമിക്കരക്കുടിശ്ശിക ആയിരുന്നാലെന്നപോലെ വസൂലാക്കാൻ നടപടി എടുക്കേണ്ടതാകുന്നു.

4. **തൊട്ടുമുമ്പിലത്തെ വകുപ്പിൻകീഴിൽ വസൂലാക്കിയ തുക കൊടുക്കാനുള്ള ബാദ്ധ്യത നിഷേധിക്കുന്ന ആൾക്കുള്ള നിവൃത്തിമാർഗ്ഗം.**—(1) ഒരു സർട്ടിഫിക്കറ്റിൽ പറഞ്ഞിട്ടുള്ള തുക വസൂലാക്കുന്നതിന് ഒരാൾക്കെതിരായി തൊട്ടുമുമ്പിലത്തെ വകുപ്പിൻകീഴിൽ നടപടികൾ എടുക്കുമ്പോൾ, അയാൾ ആ തുകയോ അതിന്റെ ഏതെങ്കിലും ഭാഗമോ കൊടുക്കുവാനുള്ള തന്റെ ബാദ്ധ്യത നിഷേധിക്കുകയും, അതു കൊടുക്കുന്ന സമയത്ത് ചെയ്യുന്നതും താനോ തന്റെ ഏജന്റോ ഒപ്പിട്ടതും ലിഖിതമായതുമായ പ്രതിഷേധത്തോടെ കൊടുക്കുകയും ചെയ്യുന്നുവെങ്കിൽ, അപ്രകാരം കൊടുത്ത തുകയോ അതിന്റെ ഭാഗമോ തിരിയെ കിട്ടുന്നതിന് അയാൾക്ക് വ്യവഹാരം കൊടുക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിലെ ഒരു വ്യവഹാരം, സർട്ടിഫിക്കറ്റ് കൊടുത്ത കളക്റ്ററുടെ ആഫീസ് സ്ഥിതിചെയ്യുന്ന തദ്ദേശപ്രദേശത്ത് അധികാരിതയുള്ള ഒരു സിവിൽ കോടതിയിൽ കൊടുക്കേണ്ടതും, ആ വ്യവഹാരം കുടിശ്ശിക ഉദ്ഭൂതമാവുകയോ, തുക കൊടുക്കുവാനുള്ള ബാദ്ധ്യത ഉദ്ഭവിക്കുകയോ ചെയ്യുന്ന സ്ഥലത്ത് പ്രാബല്യത്തിലുള്ള നിയമത്തിന് അനുസൃതമായി തീരുമാനിക്കേണ്ടതുമാകുന്നു.

(3) ആ വ്യവഹാരത്തിൽ വാദിക്ക്, തൊട്ടുമുമ്പുള്ള വകുപ്പിൽ എന്തു തന്നെയിരുന്നാലും, എന്നാൽ മുൻപറഞ്ഞ സ്ഥലത്ത് പ്രാബല്യത്തിലുള്ള നിയമത്തിന് വിധേയമായും, സർട്ടിഫിക്കറ്റിൽ പറഞ്ഞിട്ടുള്ള ഏത് വിഷയം സംബന്ധിച്ചും തെളിവ് നല്കാവുന്നതാണ്.

(4) പാകിസ്ഥാനിലേയോ ബർമ്മയിലേയോ നിയമത്തിന്റെ ഭാഗമായി, പ്രാബല്യമുള്ള നിലയിൽ ഈ ആക്റ്റിൻകീഴിലോ, പാകിസ്ഥാനിലേയോ ബർമ്മയിലേയോ നിയമത്തിന്റെ ഭാഗമായ ഏതെങ്കിലും മറ്റു സദൃശ ആക്റ്റിൻകീഴിലോ, അതത് സംഗതിപോലെ, പാകിസ്ഥാനിലോ ബർമ്മയിലോ, ഒരാൾക്കെതിരായി ഈ ആക്റ്റ് വ്യാപിക്കുന്ന ഏതെങ്കിലും സ്റ്റേറ്റിൽ ഒരു കളക്ടർ കൊടുക്കുന്ന ഒരു സർട്ടിഫിക്കറ്റിൽ പറഞ്ഞിട്ടുള്ള തുക വസൂലാക്കുന്നതിന് നടപടികൾ എടുക്കപ്പെടുന്നുവെങ്കിൽ, ഈ വകുപ്പ് ബാധകമാകുന്നതാണ്.

5. **മറ്റു പബ്ലിക്ക് ഉദ്യോഗസ്ഥൻമാർക്കോ തദ്ദേശാധികാരസ്ഥാനങ്ങൾക്കോ ഭൂമിക്കരക്കുടിശ്ശികപോലെ വസൂലാക്കാവുന്ന തുകകൾ കളക്റ്റർ വസൂലാക്കുന്നത്.**—ഏതെങ്കിലും തുക ഭൂമിക്കരക്കുടിശ്ശികപോലെ കളക്റ്ററല്ലാത്ത ഏതെങ്കിലും പബ്ലിക്ക് ഉദ്യോഗസ്ഥനോ, ഏതെങ്കിലും തദ്ദേശാധികാരസ്ഥാനമോ വസൂലാക്കാവുന്നിടത്ത്, ആ ഉദ്യോഗസ്ഥന്റേയോ അധികാരസ്ഥാനത്തിന്റേയോ ആഫീസ് സ്ഥിതിചെയ്യുന്ന ജില്ലയിലെ കളക്റ്റർ, ആ ഉദ്യോഗസ്ഥന്റേയോ അധികാരസ്ഥാനത്തിന്റേയോ അപേക്ഷയിൻമേൽ, ആ തുക തന്റെ സ്വന്തം ജില്ലയിൽ ഉദ്ഭൂതമായ ഭൂമിക്കരക്കുടിശ്ശിക ആയിരുന്നാലെന്നപോലെ വസൂലാക്കാൻ നടപടി എടുക്കേണ്ടതും. അദ്ദേഹത്തിന് വസൂ

ലാക്കാനുള്ള തുകയുടെ ഒരു സർട്ടിഫിക്കററ് ആ തുക തനിക്ക് നല്കേണ്ടതായിരുന്നാലെന്നപോലെ, ഈ ആക്ററിലെ മുൻപറഞ്ഞ വ്യവസ്ഥകൾക്കു കീഴിൽ മറെറാരു ജില്ലയിലെ കളക്ടർക്ക് അയയ്ക്കാവുന്നതും ആണ്.

6. ഈ ആക്ററിൻകീഴിൽ വില്പനയ്ക്കു ബാദ്ധ്യതപ്പെട്ട വസ്തു.—(1) ഒരു ജില്ലയിലെ കളക്ടർക്ക്, ഈ ആക്ററിൻകീഴിലുള്ള സർട്ടിഫിക്കററ് കിട്ടുമ്പോൾ, അദ്ദേഹത്തിന് വീഴ്ചക്കാരന്റെ വകയായി ആ ജില്ലയിലുള്ള ഏതെങ്കിലും സ്ഥാവരവസ്തു കൈമാററം ചെയ്യുന്നതോ, ചാർജ്ജാക്കുന്നതോ നിരോധിച്ചുകൊണ്ട് വിളംബരം പുറപ്പെടുവിക്കാവുന്നതാണ്.

(2) കളക്ടർക്ക് ഏതു സമയത്തും, ലിഖിതമായ ഉത്തരവുവഴി വിളംബരം പിൻവലിക്കാവുന്നതും, അത് സർട്ടിഫിക്കററിൽ പറഞ്ഞിട്ടുള്ള തുക വസൂലാക്കപ്പെടുകയോ അല്ലെങ്കിൽ ആ തുക വസൂലാക്കാനായി വസ്തു വില്ക്കപ്പെടുകയോ ചെയ്തിട്ടുള്ളപ്പോൾ, പിൻവലിച്ചതായി കരുതപ്പെടുന്നതുമാകുന്നു.

(3) വിളംബരം പുറപ്പെടുവിച്ചതിനുശേഷവും, അത് പിൻവലിക്കുന്നതിനു മുൻപുമായും, ആ വസ്തുവിന്റേയോ അതിൽ വീഴ്ചക്കാരനുള്ള ഏതെങ്കിലും അവകാശത്തിന്റേയോ വില്പനയോ ദാനമോ പണയമോ വഴിയോ മററുപ്രകാരത്തിലോ ഉള്ള ഏത് സ്വകാര്യമായ അന്യാധീനപ്പെടുത്തലും ഗവൺമെൻറിനും, സർട്ടിഫിക്കററിൽ പറഞ്ഞിട്ടുള്ള തുക വസൂലാക്കുന്നതിന് നടത്തിയ ഒരു വില്പനയിൽ വസ്തു വിലയ്ക്കു വാങ്ങുന്ന ഏതെങ്കിലും ആൾക്കും, എതിരായി ശൂന്യമായിരിക്കുന്നതാണ്.

(4) ഈ വകുപ്പിലെ മുൻവ്യവസ്ഥകൾക്ക് വിധേയമായി, ഒരു സർട്ടിഫിക്കററിൽ പറഞ്ഞിട്ടുള്ള തുക വസൂലാക്കാനായി ഏതെങ്കിലും സ്ഥാവരവസ്തുവിനെതിരായി ഈ ആക്ററിൻ കീഴിൽ നടപടികൾ എടുക്കുമ്പോൾ, അതിൽ വീഴ്ചക്കാരനുള്ള അവകാശങ്ങൾക്കെതിരായി മാത്രം അപ്രകാരം നടപടി എടുക്കേണ്ടതും, അയാൾ ഉത്തമവിശ്വാസപൂർവ്വം സൃഷ്ടിച്ച യാതൊരു കുടിക്കടവും, അല്ലെങ്കിൽ നല്കിയ യാതൊരു ഗ്രാൻറും അല്ലെങ്കിൽ ഏർപ്പെട്ടിട്ടുള്ള യാതൊരു കാൺട്രാക്ററും ആ അവകാശങ്ങൾക്കെതിരായി എടുത്ത നടപടികൾ കാരണമായി മാത്രം അസാധുവാക്കിത്തീർക്കപ്പെടുന്നതല്ല.

(5) ഈ വകുപ്പിൻകീഴിലുള്ള വിളംബരം മുരശടിച്ചും അല്ലെങ്കിൽ മററു പതിവ് സമ്പ്രദായത്തിലും അതിന്റെ ഒരു പകർപ്പ്, അതു സംബന്ധിക്കുന്ന വസ്തുവിലോ അതിനടുത്തോ ഉള്ള ശ്രദ്ധയാകർഷിക്കത്തക്ക ഒരു സ്ഥലത്ത് പതിച്ചും ചെയ്യേണ്ടതാകുന്നു.

7. കരംസംബന്ധിച്ച തദ്ദേശനിയമങ്ങളെ ഒഴിവാക്കുന്നത്.—മുൻപറഞ്ഞ വകുപ്പുകളിലെ യാതൊന്നിനും—

(ക) ഭൂമിക്കരമോ, ഭൂമിക്കരക്കുടിശ്ശികപോലെ വസൂലാക്കാവുന്ന തുകകളോ വസൂലാക്കുന്നതിനുവേണ്ടി തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും അധിനിയമം വ്യവസ്ഥ ചെയ്യുന്ന ഏതെങ്കിലും ഈടിന് കോട്ടംതട്ടിക്കുകയോ ആ അധിനിയമത്തിലെ വ്യവസ്ഥകളെ ബാധിക്കുകയോ ചെയ്യുന്നതായോ, അല്ലെങ്കിൽ

(ഖ) ഒരു മുനിസിപ്പാലിററിയുടെ മേൽ പ്രാധികാരമുള്ള കാർപ്പറേഷനോ കമ്മീഷണർക്കോ കമ്മിററിക്കോ ബോർഡിനോ കൗൺസിലിനോ. ആൾക്കോ തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും അധിനിയമത്തിൻ കീഴിൽ കൊടുക്കേണ്ട ഏതെങ്കിലും നികുതി വസൂലാക്കുന്നതിന് ഏതെങ്കിലും ആളെ അറസ്ററു ചെയ്യുവാൻ പ്രാധികാരം നല്കുന്നതായോ, അർത്ഥം കല്പിക്കാൻ പാടുള്ളതല്ല.

8. ഇൻഡ്യയ്ക്കു വെളിയിൽ ഉദ്ഭവിക്കുന്ന ചില പബ്ലിക്ക് ഡിമാൻഡുകൾ ഇൻഡ്യയിൽ വസൂലാക്കുന്നത്.—ഈ ആക്റ്റ്, കേന്ദ്ര ഗവൺമെൻറിന്റെ ഭരണത്തിൻ കീഴിലുള്ളതും, എന്നാൽ ഇൻഡ്യയുടെ ഭാഗമല്ലാത്തതുമായ ഏതെങ്കിലും തദ്ദേശപ്രദേശത്തേക്ക് ബാധകമാക്കിയിട്ടുള്ളപ്പോൾ ആ തദ്ദേശപ്രദേശത്തു ഉദ്ഭൂതമാകുന്ന ഭൂമിക്കരക്കുടിശ്ശികയോ അല്ലെങ്കിൽ ഭൂമിക്കരക്കുടിശ്ശികപോലെ വസൂലാക്കാവുന്നതും ആ തദ്ദേശപ്രദേശത്തുള്ള ഒരു കളക്റ്റർക്കോ, മററു പബ്ലിക്ക് ഉദ്യോഗസ്ഥനോ തദ്ദേശാധികാരസ്ഥാനത്തിനോ കൊടുക്കേണ്ടതുമായ ഒരു തുകയോ, ഇൻഡ്യയിൽ ഈ ആക്റ്റിൻ കീഴിൽ വസൂലാക്കാവുന്നതാണ്.

9. ബർമ്മയിൽ ഉദ്ഭൂതമാകുന്ന ഭൂമിക്കരവും മററും ഇൻഡ്യയിൽ വസൂലാക്കുന്നത്.—(1) ബർമ്മയിൽ ഉദ്ഭൂതമാകുന്ന ഭൂമിക്കരക്കുടിശ്ശികയോ, അല്ലെങ്കിൽ ഭൂമിക്കരക്കുടിശ്ശികപോലെ ബർമ്മയിൽ വസൂലാക്കാവുന്നതും ബർമ്മയിലെ ഒരു കളക്റ്റർക്കോ, മററു പബ്ലിക്ക് ഉദ്യോഗസ്ഥനോ, ഒരു തദ്ദേശാധികാരസ്ഥാനത്തിനോ കൊടുക്കേണ്ടതുമായ ഒരു തുകയോ, ഇൻഡ്യയിൽ ഈ ആക്റ്റിൻ കീഴിൽ വസൂലാക്കാമെന്ന് കേന്ദ്ര ഗവൺമെൻറിന് നിദേശിക്കാവുന്നതും, അപ്പോൾ അങ്ങനെയുള്ള കുടിശ്ശികയോ തുകയോ അപ്രകാരം വസൂലാക്കാവുന്നതായിത്തീരുന്നതുമാണ്:

എന്നാൽ കേന്ദ്ര ഗവൺമെൻറ്, അങ്ങനെയുള്ള ഏതെങ്കിലും നിദേശം ഇൻഡ്യയിൽ ഉദ്ഭൂതമാകുന്ന ഒരു കുടിശ്ശിക ഇൻഡ്യയിൽ പ്രതിഷേധത്തോടെ കൊടുക്കുന്ന ഒരാൾക്ക് ഈ ആക്റ്റ് 4-ാം വകുപ്പിൻ കീഴിൽ ഉണ്ടായിരിക്കുന്ന നിവൃത്തിമാർഗ്ഗം, ബർമ്മയിൽ ഉദ്ഭൂതമാകുന്ന ഒരു കുടിശ്ശിക ഇൻഡ്യയിൽ പ്രതിഷേധത്തോടെ കൊടുക്കുന്ന ഒരാൾക്ക്, ബർമ്മയിലെ നിയമത്തിൻകീഴിൽ ബർമ്മയിൽ ഉണ്ടായിരിക്കുമെന്ന് ബോദ്ധ്യപ്പെടാത്തപക്ഷം നല്കാൻ പാടുള്ളതല്ല.

(2) ആദായനികുതിയോ സൂപ്പർ നികുതിയോ സംബന്ധിച്ച് ബർമ്മയിൽ പ്രാബല്യത്തിലുള്ള അധിനിയമങ്ങൾക്കു കീഴിൽ കിട്ടേണ്ട ഏതെങ്കിലും നികുതിക്കുടിശ്ശികയോ പിഴയോ ഈ വകുപ്പിന്റെ ബലത്തിൽ വസൂലാക്കുന്നതിനുവേണ്ടി കളക്റ്റർക്ക് ഇൻഡ്യയിലെ ആദായനികുതിയുടേയും സൂപ്പർ നികുതിയുടേയും സംഗതിയിൽ ആദായനികുതി ആക്റ്റ്, 1922-ലെ, 46 (2)-ാം വകുപ്പിന്റെ പരിമിതി വ്യവസ്ഥയ്ക്കു (1922-ലെ 11) കീഴിൽ തനിക്കുള്ള കൂടുതലായ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(3) (1)-ഉം, (2)-ഉം ഉപവകുപ്പുകൾ പാകിസ്ഥാനെ സംബന്ധിച്ച്, അവ ബർമ്മയെ സംബന്ധിച്ച് ബാധകമാകുന്നതുപോലെ, ബാധകമാകുന്നതാണ്.

10. ചില സംഗതികളിൽ, പിരിക്കുന്ന തുകകൾ അയച്ചുകൊടുക്കുവാൻ കളക്റ്റർമാർക്കുള്ള കർത്തവ്യം.—ഒരു കളക്റ്റർക്ക്, മറെറാരു സ്റ്റേററിലെ കളക്റ്ററിൽനിന്നോ പാകിസ്ഥാനിലോ ബർമ്മയിലോ ഉള്ള ഒരു കളക്റ്ററിൽ നിന്നോ ഈ ആക്റ്റിൻകീഴിലെ ഒരു സർട്ടിഫിക്കററ് കിട്ടുന്നിടത്ത്, അദ്ദേഹം, ആ സർട്ടിഫിക്കററിന്റെ ബലത്തിൽ താൻ വസൂലാക്കുന്ന ഏതെങ്കിലും തുക, ആ വിഷയം സംബന്ധിച്ച തന്റെ ചെലവുകൾ കുറവുചെയ്തതിനുശേഷം, ആ കളക്റ്റർക്കു അയച്ചുകൊടുക്കേണ്ടതാകുന്നു.

## പട്ടിക

## സർട്ടിഫിക്കററ്

[ (3)-ാം വകുപ്പ് (1)-ാം ഉപവകുപ്പ് നോക്കുക]

..........................................ത്തെ കളക്ടററിൽനിന്ന്

..........................................ത്തെ കളക്ടർക്ക്

.... ...............മാസം.......... .. ..തീയതി

നിങ്ങളുടെ ജില്ലയിൽ.. .... ........ത്ത് താമസിക്കുന്നുണ്ടെന്നു (..............ത്ത്. ...............അടങ്ങിയ വസ്തു ഉണ്ടെന്നു വിശ്വസിക്കപ്പെടുന്ന)...............ന്റെ പുത്രനായ..............ൻ.......... ..........രൂപ...............വകയ്ക്ക് കൊടുക്കാനുണ്ട്.

നികുതി വസൂലാക്കൽ ആക്ററ്, 1890-ലെ വ്യവസ്ഥകൾക്കു വിധേയമായി, മുൻപറഞ്ഞ തുക, അത് നിങ്ങളുടെ ജില്ലയിൽ ഉദ്ഭൂതമായ ഭൂമിക്കരക്കുടിശ്ശിക ആയിരുന്നാലെന്നപോലെ നിങ്ങൾക്ക് വസൂലാക്കാവുന്ന ഒന്നായിരിക്കുന്നതും അത് നിങ്ങൾ അപ്രകാരം വസൂലാക്കുകയും.. .......... .. ത്തുളള എന്റെ ആഫീസിലേക്ക് അയയ്ക്കുകയും ചെയ്യാൻ താത്പര്യപ്പെടുകയും ചെയ്യുന്നു.

ക ഖ,

.. ............ത്തെ കളക്ടറർ.